## സഹകരണ സംഘം ചട്ടങ്ങൾ – ഭേദഗതി 2014 – ഒറ്റനോട്ടത്തിൽ

**1. ചട്ടം 3(6) ഭേദഗതി**:– സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ ഫീസ് പൊതുവായി നിശ്ചയിച്ചത് പ്രധാനമായും പ്രവർത്തനപരിധി അടിസ്ഥാനത്തിൽ മാറ്റി നിശ്ചയിച്ചു. റവന്യൂ താലൂക്ക് ഉൾപ്പെടെ വരെ 1000, ജില്ലവരെ 2500, ജില്ല 4000, ജില്ലക്ക് മുകളിൽ 5000 , പൊതുവായി സ്കൂൾ /കോളേജ് സംഘങ്ങൾക്ക് 100 രൂപയും, വനിത, പട്ടികജാതി/വർഗ്ഗ സംഘങ്ങൾക്ക് 500 രൂപയും ആയി നിശ്ചയിച്ചു.

**2. ചട്ടം 4** A **കൂട്ടിച്ചേർത്തു**:– സംഘം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടാൻ സാദ്ധ്യമല്ലാത്തവിധം നഷ്ടപ്പെട്ടു എന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ രജിസ്ട്രേഷൻ നമ്പറും തിയ്യതിയും ഫോം നമ്പർ 3 A യിൽ രേഖപ്പെടുത്തി സാക്ഷ്യപത്രം നല്കുന്നതിന് വ്യവസ്ഥ ചെയ്തു.

**3. ചട്ടം 8** A **കൂട്ടിച്ചേർത്തു**:– പൊതുയോഗം വിളിച്ചുചേർക്കേതിന്റെ വിധവും 15 ദിവസത്തെ നോട്ടീസ് വേണമെന്നും അത്യാവശ്യ അവസരങ്ങളിൽ ഇതിൽ ഇളവും വ്യവസ്ഥ ചെയ്തു.

**4. ചട്ടം 9** A **ഭേദഗതി**:– നിയമാവലി ഭേദഗതി നടപടി ക്രമങ്ങളിൽ നോട്ടീസ് നടത്തുന്നത് 500 അംഗങ്ങൾ വരെയുള്ള സംഘങ്ങൾക്ക് നിയമാവലി ഭേദഗതി അറിയിപ്പ് നേരിട്ടോ രജിസ്റ്റർ/സ്പീഡ് പോസ്റ്റ്, അംഗീകൃത ക്വറിയർ സർവ്വീസ് എന്നിവ മുഖേനയോ നടത്താമെന്നും, 500 ന് മുകളിൽ അംഗങ്ങളുള്ള സംഘങ്ങൾ നിയമാവലി ഭേഗദതി വിവരങ്ങളടങ്ങിയ പൊതുയോഗനോട്ടീസ്–പ്രവർത്തനപരിധിയിൽ പ്രചുരപ്രചാരമുള്ള 2 പ്രാദേശിക ഭാഷാ ദിനപത്രങ്ങളിലും, സംഘം കേന്ദ്രഓഫീസ്, ശാഖകൾ, പ്രവർത്തന പരിധിയിലെ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ, പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, വില്ലേജ് എന്നിവയുടെ കേന്ദ്ര റീജ്യണൽ ഓഫീസുകൾ , അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഭരണ നിയന്ത്രണമുള്ള ഫംഗ്ഷണൽ രജിസ്ട്രാറുടെ ഗ്രാമ, ബ്ലോക്ക്, താലൂക്ക് ലെവൽ ഓഫീസുകൾ , അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്) സർക്കിൾ സഹകരണ യൂണിയൻ എന്നീ ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേതാണ്. ഇതിനു പുറമെ എസ്.എം.എസ്, മൊബൈൽ ഫോൺ അല്ലെങ്കിൽ മറ്റ് കംപ്യൂട്ടർ ഉപകരണങ്ങൾ അല്ലെങ്കിൽ ഇ മെയിൽ, പ്രാദേശിക ചാനലുകൾ ബാനറുകൾ എന്നിവ വഴിയും അറിയിപ്പ് നൽകാവുന്നതാണെന്ന് ഭേദഗതി ചെയ്തിരിക്കുന്നു.

**ചട്ടം 10 നീക്കം ചെയ്തു**:– രജിസ്ട്രാർക്ക് സംഘങ്ങളുടെ നിയമാവലി നിർബന്ധമായും ഭേദഗതി ചെയ്യുവാനുള്ള അധികാരം ഒഴിവാക്കി.

**ചട്ടം 13 ഭേദഗതിയും ഉപചട്ടങ്ങൾ നീക്കം ചെയ്യലും**:– സംഘങ്ങൾ തമ്മിൽ കൂടിച്ചേരൽ, വിഭജനം, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവ നടത്തുന്നതിനായി പ്രത്യേകം പൊതുയോഗം 15 ദിവസത്തെ നോട്ടീസിൽ വിളിക്കുകയും ഹാജരായവരിൽ 2/3 ഭൂരിപക്ഷത്തിൽ തീരുമാനം കൈക്കൊള്ളുകയും വേണം. ഇൻഷ്വേഡ് ബാങ്ക്, അസിസ്റ്റഡ് സൊസൈറ്റി എന്നിവയുടെ കാര്യത്തിൽ യഥാക്രമം റിസർവ്വ് ബാങ്കിന്റെയും രജിസ്ട്രാറുടെയും മുൻകൂർ അനുമതി, തീരുമാനം കൈക്കൊള്ളുന്നതിനുവേണം.

**ചട്ടം 14 നീക്കം ചെയ്തു**(ചട്ടം 10 ഒഴിവാക്കിയതിനാൽ)

**ചട്ടം 15 ഭേദഗതിയും കൂട്ടിച്ചേർക്കലും**:– എംപ്ലോയീസ് ക്രെഡിറ്റ് സംഘത്തെ പ്രത്യേകമായുള്ള ഉദാഹരണമായും അർബൻ സഹകരണ ബാങ്കിനെ പ്രാഥമികതലത്തിലും അപ്പെക്സ് സംഘമായി കേരള സ്റ്റേറ്റ് കോ–ഓപറേറ്റീസ് അർബ്ബൻ ബാങ്ക് ഫെഡറേഷനെ ഉദാഹരണമായി 1 ൽ AA ഇൻഷ്വേഡ് സഹകരണ ബാങ്ക് എന്ന പുതിയ വിഭാഗം ക്രെഡിറ്റ് സംഘങ്ങളുടെ വിഭാഗത്തിലും സ്കൂൾ/കോളേജ് സംഘങ്ങളെയും വിദ്യാഭ്യാസ സംഘങ്ങളെയും അപ്പെക്സ് സംഘത്തോടെ എട്ടാമത്തെ വിഭാഗമായും, ലേബർ കോൺട്രാക്റ്റ് സംഘങ്ങളെ കേന്ദ്ര സംഘത്തോടെ 9 ാം മത്തെ വിഭാഗമായും വനിതാ സംഘങ്ങളെ കേന്ദ്രസംഘത്തോടെ 10 ാമത്തെ വിഭാഗമായും 11 ാം വിഭാഗത്തിലുായിരുന്ന പലവക സംഘങ്ങളെ 12 ാമത്തെ വിഭാഗമായും 11 ാം വിഭാഗത്തിൽ ടൂറിസം സംഘങ്ങളെ അപ്പെക്സ് സംഘത്തോടെ പുതിയതായും ഉദാഹരണങ്ങൾ സഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

**ചട്ടം 16 (2)** (g)(h) **കൂട്ടിച്ചേർത്തു**:–അംഗത്വത്തിനുള്ള അയോഗ്യതകളിൽ 16 A, 17(1) വകുപ്പുകൾ പ്രകാരം അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യുകയോ പുറത്താക്കുകോ ചെയ്തിട്ട് 1 വർഷം കഴിഞ്ഞിട്ടില്ലെങ്കിൽ എന്ന് കൂട്ടിച്ചേർത്തു.

**ചട്ടം 16 D ഭേദഗതി:–** ഐഡന്റിറ്റി കാർഡ് സംഘം നൽകാത്തതിനെതിരെ അപ്പീൽ സമർപ്പിക്കുമ്പോൾ 50 രൂപ ഫീസ് അടച്ച് ചലാൻ ഉള്ളടക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചു.

**ചട്ടം 18 A കൂട്ടിച്ചേർത്തു.**:– വകുപ്പ് 16 A പ്രകാരം നിർദ്ദേശിച്ച സംഘം കാര്യങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം അംഗത്വം തുടരുന്നതിനുള്ള യോഗ്യതയായി വ്യവസ്ഥ ചെയ്തു.

ഓരോ വർഷവും അവസാനിച്ച് 60 ദിവസം മുമ്പായി ഫോറം നമ്പർ 32 ൽ തയ്യാറാക്കിയ വോട്ടുചെയ്യാൻ യോഗ്യതയുള്ള അംഗങ്ങളുടെ പട്ടിക സെക്രട്ടറി കമ്മറ്റിയിൽ വെക്കണമെന്നും 30 ദിവസത്തിനകം കമ്മറ്റി ഇത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേതും ശേഷം സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനകം ഇത് സംബന്ധിച്ച ഒരു സാക്ഷ്യപത്രം സെക്രട്ടറി രജിസ്ട്രാർക്ക് സമർപ്പിക്കണമെന്നും തിരഞ്ഞെടുപ്പ് ഓഫീസർക്ക് അംഗങ്ങളുടെ യോഗ്യത പരിശോധിക്കുന്നതിനായി ഈ രജിസ്റ്റർ സമർപ്പിക്കണമെന്നും കൂട്ടിച്ചേർത്തു.

**ചട്ടം 29(2)(9) ചട്ടം 31 കൂട്ടിച്ചേർത്തു:–**ഫോറം 32ൽ തയ്യാറാക്കിയ രജിസ്റ്റർ ഓഫ് മെമ്പേഴ്സ് എലിജിബിൾ ടു വോട്ട് സംഘം എഴുതി സൂക്ഷിക്കേതായ രജിസ്റ്ററുകളുടെ പട്ടികയിലും **ചട്ടം 31** പ്രകാരം സ്ഥിരമായി സൂക്ഷിക്കേ രേഖകളുടെ പട്ടികയിലും ഉൾപ്പെടുത്തി.

**ചട്ടം 30 ഭേദഗതിയും കൂട്ടിച്ചേർക്കലും:**–നിലവിലെ ചട്ടം 30, ചട്ടം 30(1) ആയി ഭേദഗതി ചെയ്ത് ഉപചട്ടം (2) കൂട്ടിച്ചേർത്തു; സംഘം കണക്കുകളെഴുതിയതിന്റെ ചാർജ്ജ് സംഘം നിർദിഷ്ട സമയപരിധിയിൽ നൽകിയില്ല എങ്കിൽ ധനസഹായ ബാങ്കിൽ നിലവിലുള്ള അക്കൗിൽ നിന്ന് വസൂലാക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമെന്നും അല്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ പ്രകാരം വസൂലാക്കാമെന്നും വ്യവസ്ഥ ചെയ്തു.

**ചട്ടം 33 ഭേദഗതി:–** ഓരോ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സംഘം പ്രവർത്തനത്തിന്റെ വിശദമായ റിപ്പോർട്ട് , ടി വർഷത്തെ ഓഡിറ്റ് ചെയ്ത വരവ്–ചെലവ്, ലാഭ–നഷ്ട കണക്കുകളും, ബാക്കിപത്രവും, പൊതുയോഗം അംഗീകരിച്ച മിച്ച തുകകളുടെ വിനിമയം സംബന്ധിച്ച രൂപരേഖ, നിയമാവലി ഭേദഗതികളുടെ പട്ടിക (ഉെങ്കിൽ) പൊതുയോഗം വിളിക്കുന്ന തിയ്യതി, തെരഞ്ഞെടുപ്പ് കാലാവധി ആയെങ്കിൽ ആയതു സംബന്ധിച്ച പ്രഖ്യാപനം കൂടാതെ രജിസ്ട്രാർ ആവശ്യപ്പെടുന്ന വിവരങ്ങൾ എന്നിവ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചു.

സാമ്പത്തിക വർഷം കഴിഞ്ഞ് ഒരു മാസത്തിനകം ടി വർഷത്തെ കണക്കുകൾ ചീഫ് എക്സിക്യൂട്ടീവ് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കണമെന്നും വിവരം ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ഓഡിറ്റ് അല്ലെങ്കിൽ ചുമതലപ്പെടുത്തിയ വ്യക്തിയെ അറിയിക്കണമെന്നും ഇതിൽ വീഴ്ച്ച വന്നാൽ വകുപ്പ് 94(4) പ്രകാരമുള്ള കുറ്റമായി കണക്കാക്കുമെന്നും വ്യവസ്ഥ ചെയ്തു.

**ചട്ടം 35 ഒഴിവാക്കി :–** എല്ലാ തെരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തുമെന്ന് വകുപ്പ് 28 B(1) നിർദ്ദേശിച്ചതിനാൽ സഹകരണ സംഘം രജിസ്ട്രാർ നടത്തുന്ന തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പ് സംബന്ധിച്ച നിബന്ധന ചട്ടം 35 പൂർണ്ണമായും നീക്കം ചെയ്തു.

**ചട്ടം 35 A(1) വിശദീകരണം ഭേദഗതി ചെയ്തു.** ഇത് പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിന് കൈകൊ തീരുമാനത്തിന്റെ പകർപ്പ് ഒരു ജില്ലയിൽ അധികരിച്ച പ്രവർത്തനപരിധിയുള്ള സംഘങ്ങളാണെങ്കിൽ സഹകരണസംഘം രജിസ്ട്രാർ, താലൂക്കിന് മുകളിൽ ജില്ല കൂടി ജോയിന്റ് രജിസ്ട്രാർ, മറ്റ് സംഘങ്ങൾ അസിസ്റ്റന്റ്അ രജിസ്ട്രാർ എന്നിവർ മുഖേന സമർപ്പിക്കണം.

**ചട്ടം 35A (3 A)** :– 500 ൽ താഴെ അംഗങ്ങളുള്ള സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ രജിസ്ട്രേഡ് വിത്ത് അക്കനോളജ്മെന്റ്, സ്പീഡ് പോസ്റ്റ്, അംഗീകൃത കൊറിയർ സർവ്വീസ് എന്നിവ മുഖേനയോ അല്ലെങ്കിൽ നേരിട്ട് ഒപ്പ് വാങ്ങിയോ നല്കാമെന്ന് വ്യവസ്ഥ ചെയ്തു.ചട്ടം 35A(3 B)സ്കൂൾ കോളേജ് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സംഘം സെക്രട്ടറി മുഖേന 3 A യിൽ പരാമർശിച്ചവിധം നടത്തും

**ചട്ടം 35 A(4) വിശദീകരണം കൂട്ടിച്ചേർത്തു:–** തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടത്തിന്റെ വിശദീകരണമായി ര് വർഷം തുടർച്ചയായി സംഘം നൽകിയ സേവനം വിനിയോഗിച്ച മെമ്പർമാരെ മാത്രമേ അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.

ചട്ടം 35 A(6) ക്ലോസ് (B) യിൽ (A) എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട സ്ഥാനാർത്ഥികളുടെ ഇലക്ഷൻ ഡെപ്പോസിറ്റ് 125 രൂപയായും **(B)** വാർഡ് തലത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി, നിർദ്ദേശകൻ, പിൻതാങ്ങുന്ന ആൾ എന്നിവർ അതേ വാർഡിൽ നിന്നുതന്നെ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തു.

**35 A (6) ക്ലോസ് C :–** പേര് വിലാസം എന്നിവയോടെയുള്ള സ്വീകരിച്ച നാമനിർദ്ദേശ പത്രികകളുടെ പട്ടിക നിശ്ചിത സമയപരിധിക്ക് ശേഷം നോട്ടീസ് ബോർഡിൽ വരണാധികാരി പ്രസിദ്ധപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തു.

ചട്ടം 35 A(6) (N) (b) ഭേദഗതിപ്രകാരം വോട്ട് ചെയ്യുന്നതിന് സംഘങ്ങളുടെ തിരിച്ചറിയൽ കാർഡ് പോലെ തന്നെ തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് , റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, തൊഴിലുടമ നൽകിയ തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് കൂടാതെ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടിഫൈ ചെയ്ത കാർഡുകളും ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തു.

**ചട്ടം 35 B(2) ഭേദഗതി:–** സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് ഇലക്ടറൽ റോൾ തയ്യാറാക്കുന്നതിൽ പൂർണ്ണ അധികാരമുന്ന് വ്യവസ്ഥ ചെയ്തു.

**ചട്ടം 35 B(3):–** തെരഞ്ഞെടുപ്പ് ഫീസ് /ചെലവ് മെമ്പർമാരുടെ എണ്ണം പരിഗണിച്ചും പ്രാധാന്യങ്ങൾ പരിഗണിച്ചും മറ്റും നിശ്ചയിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തി.

**ചട്ടം 35 B(4):–** സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചീഫ് എക്സിക്യൂവ് ഓഫീസർ/സെക്രട്ടറി ആകുന്നതാണ്.

**35 D കൂട്ടിച്ചേർത്തു:–** സഹകരണസംഘം രജിസ്ട്രാർക്ക് സർക്കാറുമായി ആലോചിച്ച് റീജ്യണൽ/ജില്ല ഇലക്ഷൻ ഓഫീസറായി, ഇലക്ട്രൽ റോൾ തയ്യാറാക്കുന്നതിന്നും പരിഷ്കരിക്കുന്നതിന്നും, ജോയിന്റ് രജിസ്ട്രാർ റാങ്കിൽ കുറയാത്ത റാങ്കിലുള്ള സഹകരണ വകുപ്പിലെ ഓഫീസറെ നിയമിക്കാവുന്നതാണ്.

**35 E(1) തെരഞ്ഞെടുപ്പ് ഫീസ് നിശ്ചയിച്ചു:–**

| | | |
|---|---|---|
| അപ്പെക്സ് സംഘങ്ങൾ | – | 5000 |
| സെട്രൽ & ഫെഡറൽ സംഘങ്ങൾ | – | 3000 |
| ക്രെഡിറ്റ് / ഹൗസിംഗ് സംഘങ്ങൾ | – | 2000 |
| മറ്റ് സംഘങ്ങൾ | – | 1000 |

പട്ടികജാതി/വർഗ്ഗവിഭാഗത്തിൽപെട്ടവർ ഭൂരിപക്ഷമായ എല്ലാ പ്രാഥമിക സംഘങ്ങളും, വികലാംഗരുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ട സംഘം, സ്കൂൾ സഹകരണ സംഘങ്ങൾ, എല്ലാ സംഘങ്ങളുടെയും ആദ്യ തെരഞ്ഞെടുപ്പും എന്നിവ തെരഞ്ഞെടുപ്പ് ഫീസിൽ നിന്നുംഒഴിവാക്കി.

**ചട്ടം 38(5) ഭേദഗതി:–** വകുപ്പ് 28 പ്രകാരം കമ്മറ്റി രൂപീകരിച്ചാൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ വരണാധികാരി കമ്മീഷനെ അറിയിക്കേതും പ്രസിഡന്റ് മറ്റ് ഭാരവാഹികൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിന്ന് കമ്മീഷൻ ഒരു പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കുന്നതും, പ്രിസൈഡിംഗ് ഓഫീസർ കമ്മറ്റി 7 ദിവസത്തിനകമോ അല്ലെങ്കിൽ കാലാവധി തീരുന്നതിന് മുമ്പായോ ഏതാണ് ആദ്യം ആ ദിവസത്തിൽ വിളിച്ചു ചേർക്കേതും തെരഞ്ഞെടുപ്പ് നടത്തേതും ആണ്. ഭരണ സമിതിയിൽ ഇടക്കാല ഒഴിവ് വന്നാൽ ആകെ കാലാവധിയുടെ പകുതിയിൽ കുറവ് കാലമേ ഉള്ളൂവെങ്കിൽ അതേ വിഭാഗത്തിൽ നിന്നുള്ളവരെ കമ്മറ്റിക്ക് കോ ഓപ്റ്റ് ചെയ്യാവുന്നതാണ്.

**35(2)ഭേദഗതി** കമ്മറ്റിയുടെ കാലാവധി തെരഞ്ഞെടുപ്പ് തിയ്യതി മുതൽ 5 വർഷമായിരിക്കും.

**43(2) ഭാരവാഹികളുടെ ഒഴിവ്:–** ഭാരവാഹികളുടെ ഒഴിവ് ആകസ്മികമായി ഉ‌ായാൽ നിലവിലെ കമ്മറ്റി ഈ വിവരം ഒഴിവ് വന്നതിന്റെ 15 ദിവസത്തിനകം കമ്മീഷനെ അറിയിക്കേ‌തും കമ്മീഷൻ 7 ദിവസത്തിനകം പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കണമെന്നും 7 ദിവസത്തിനകം കമ്മറ്റി വിളിച്ച് ചേർത്ത് ഒഴിവിലേക്ക് തെരഞ്ഞെടുപ്പ് നടത്തുകയും വേണം.

**53(2)(A):–** അറ്റ ലാഭത്തിൽ നിന്ന് 5% കുറഞ്ഞത് 2000 രൂപയോ കൂടിയത് 60000 രൂപയോ സഹകരണ വിദ്യാഭ്യാസ ഫിലേക്ക് അടക്കണം. ഉപചട്ടം 2A പ്രകാരം അറ്റലാഭത്തിന്റെ 10% പരമാവധി 100000 രൂപ കോഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫിലേക്ക് മാറ്റണം.

**53 A മെമ്പേർസ് റിലീഫ് ഫ് കോൺസ്റ്റിറ്റ്യൂഷൻ:–** ലാഭത്തിലുള്ള എല്ലാ സംഘങ്ങളും അറ്റലാഭത്തിന്റെ 10% പരമാവധി ഒരു ലക്ഷം രൂപ കോ–ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫിലേക്ക് മാറ്റണം. രജിസ്ട്രാർ മെയിന്റെയിൻ ചെയ്തിട്ടുള്ള കെ.എസ്.സി.ബാങ്കിലെ അക്കൗ‌ിൽ ഓഡിറ്റ് സർട്ടിഫിക്കേറ്റ് ലഭിച്ച് 2 മാസത്തിനകം ഈ തുക അടവാക്കണം. വീഴ്ചവരുത്തിയാൽ സെക്രട്ടറി 6% പലിശ പിഴയായി നൽകണം. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണസംഘം രജിസ്ട്രാർ എന്നിവരുടെ നിർദ്ദേശാനുസരണം സഹകരണസംഘം രജിസ്ട്രാർ ഫിന്റെ ഭരണം നിർവ്വഹിക്കും. സഹകരണസംഘം രജിസ്ട്രാർ സഹകരണ സംഘം അംഗങ്ങളുടെ പട്ടിക തയ്യാറാക്കുന്നതും കമ്മറ്റി പരിശോധിച്ച് ധനസഹായം നൽകുന്നതുമായിരിക്കും. സർക്കാർ ഫിന്റെ ഭരണം, ഫിന്റെ വിനിയോഗം, രേഖകളും രജിസ്റ്ററുകളും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

**ചട്ടം 64(1) ഭേദഗതി:–** എല്ലാ സഹകരണസംഘങ്ങളും ഡയറക്ടർ ഓഫ് കോ ഓപ്പറേറ്റീവ് ഓഡിറ്റ് തയ്യാറാക്കുന്ന പാനലിൽ നിന്ന് സംഘം പൊതുയോഗം നിയമിക്കുന്ന ഓഡിറ്ററേയോ ഓഡിറ്റിംഗ് സ്ഥാപനത്തേയോ കൊ‌് സംഘം കണക്കുകൾ വർഷത്തിൽ ഒരിക്കലെങ്കിലും ഓഡിറ്റ് ചെയ്യിക്കേ‌തും ബന്ധപ്പെട്ട അധികാരികളെക്കൊ‌് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകമോ, ഓഡിറ്റ് റിപ്പോർട്ട് പൊതുയോഗത്തിൽ വക്കുന്നതിനായി ഏതവസ്ഥയിലും പൊതുയോഗ നോട്ടീസ് നൽകുന്നതിനു മുമ്പായി ഓഡിറ്റ് പൂർത്തിയാക്കി കണക്കുകൾ സാക്ഷ്യപ്പെടുത്തി നൽകേ‌താണ്.

(2)64A ചട്ടപ്രകാരം നിർദ്ദേശിച്ച യോഗ്യതയും പരിചയവുമുള്ള ഓഡിറ്റർമാരുടെയോ ഓഡിറ്റ് സ്ഥാപനങ്ങളുടെയോ പാനൽ തയ്യാറാക്കേ‌തും നിലനിറുത്തേ‌തും ഡയറക്ടർ ഓഫ് കോ- ഓപ്പറേറ്റീവ് ഓഡിറ്റ് ആണ്.

(3) വർഷം അവസാനിച്ച് 6 മാസത്തിനകം ഓഡിറ്റർമാരുടെ പാനൽ, പദവി അടിസ്ഥാനത്തിലും സംഘത്തിന്റെ തരവും ക്ലാസ്സും അനുസരിച്ച് ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ഓഡിറ്റ് പ്രസിദ്ധപ്പെടുത്തേ‌താണ്. അപ്പെക്സ് സംഘങ്ങളുടെ കാര്യത്തിൽ വകുപ്പ് ഓഡിറ്റർമാരുടെയും ഓഡിറ്റിംഗ് സ്ഥാപനത്തിന്റെയും പാനൽ ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ഓഡിറ്റ് പൊതുയോഗത്തിന് നൽകേ‌താണ്.

(4) ഓരോ സംഘത്തിന്റെയും പൊതുയോഗം ഓഡിറ്ററേയോ ഓഡിറ്റിംഗ് സ്ഥാപനത്തേയോ സംഘം കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി നിയമിക്കേ‌താണ്. അപ്രകാരം ചെയ്യാതിരുന്നാൽ ഡി.ഡി.എ ഓഡിറ്ററേയോ ഓഡിറ്റിംഗ് സ്ഥാപനത്തേയോ നിയമിക്കുന്നതാണ്. ഒരു സാമ്പത്തിക വർഷം 1 ലക്ഷം രൂപയിൽ അധികരിച്ച ഓഹരി മൂലധനം/ പ്രവർത്തനമൂലധനം ഉള്ള 30 വരെ സംഘങ്ങളുടെ ഓഡിറ്റ് മാത്രമേ ഒരു ഓഡിറ്റർ ഓഡിറ്റിനായി സ്വീകരിക്കുവാൻ പാടുള്ളൂ.

**64 A ഓഡിറ്ററുടെ യോഗ്യത–കൂട്ടിച്ചേർക്കൽ:–** ഡിഗ്രിയോ, പി.ജി ഡിഗ്രിയോ കൂടെ എച്ച്.ഡി.സി / ജെ.ഡി.സി/ എച്ച്.ഡി.സി ബി.എം/ എച്ച്.ഡി.സി എം, ബി.കോം, എം കോം(കോ ഓപ്പറേഷൻ)/ഡിപ്ലോമ ഇൻ കോ–ഓപ്പറേറ്റീവ് ഓഡിറ്റ് , ബി.എസ്.സി (കോ ഓപ്പറേഷൻ & ബാങ്കിങ്) എന്നീ യോഗ്യതകൾ ഉള്ള സഹകരണ വകുപ്പിലെ ഓഫീസർ, പരിശോധനയിലോ ഓഡിറ്റിലോ വിജ്ഞാപനത്തീയ്യതിയിൽ പരിചയമുള്ളവരും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയവരും മലയാളം ഭാഷയിൽ പ്രവ്യത്തി അറിവുമുള്ള സഹകരണ വകുപ്പിൽ നിലവിലുള്ള ജീവനക്കാർക്ക് മേൽ യോഗ്യത ബാധകമല്ല. ചാർട്ടേർഡ് അക്കൗന്റുമാർക്ക് സഹകരണത്തിന്റെ നിർവ്വഹണത്തിൽ അറിവും ഓഡിറ്റിംഗിൽ ചുരുങ്ങിയത് 2 വർഷം പരിചയവും മലയാളം ഭാഷയിൽ പ്രവ്യർത്തി അറിവും ഉ‌ായിരിക്കണം.

സഹകരണ വകുപ്പിൽ നിന്ന് റിട്ടയർ ചെയ്ത് 5 വർഷം കഴിയാത്ത ഇൻസ്പെക്ടർ/ഓഡിറ്റർമാരെയും, നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയും സഹകരണ ഓഡിറ്റിംഗിൽ 5 വർഷം പ്രവൃത്തി പരിചയവുമുള്ളവരേയും ഓഡിറ്ററായി നിയമിക്കാവുന്നതാണ്. എന്നാൽ ഡി.സി.എ തയ്യാറാക്കിയ ഓഡിറ്റർമാരുടെ പാനലിൽ ഓഡിറ്റർമാരില്ലാത്ത സന്ദർഭത്തിൽ മാത്രമേ ഇവരെ നിയമിക്കുവാൻ പാടുള്ളൂ. ഡി.സി.എ ഇപ്രകാരമുള്ള ഓഡിറ്റർമാരുടെ ഒരു പാനൽ ഓരോ വർഷവും അംഗീകരിച്ച് വെയ്ക്കണം.

ഡി.സി.എ യുടെ കീഴിലുള്ള ഓഡിറ്റർമാരുടെ പാനലിൽ നിന്ന് സംഘത്തിന് സ്വന്തമായോ ഗ്രൂപ്പായോ കെ.എസ്.ആറിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓഡിറ്ററുടെയോ ഓഡിറ്റർമാരുടെയോ പൂർണ്ണമായ സേവനം ആവശ്യപ്പെട്ട് സംഘം പൊതുയോഗത്തിന് ഓഡിറ്ററേയോ ഓഡിറ്റർമാരേയോ നിയമിക്കാവുന്നതാണ്.

സംഘം ഓഡിറ്റിന് ചുമതലപ്പെടുത്തുന്നതിനായി ഡി.സി.എ ഓഡിറ്റർമാരുടെ പദവിയും തരവും വിജ്ഞാപനം ചെയ്യുകയും ആയതിനനുസൃതമായി പാനൽ തയ്യാറാക്കുകയും ചെയ്യും.

ഓഡിറ്റ് പൂർത്തീകരിച്ചാൽ 30 ദിവസത്തിനകം ഓഡിറ്റർ റിപ്പോർട്ട് സമർപ്പിച്ചിരിക്കണം.

**64 A ഓഡിറ്റ് റിപ്പോർട്ട് (5):-** ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3 മാസത്തിനകം ഡി.സി.എ ഓഡിറ്റ് സർട്ടിഫിക്കറ്റും ഓഡിറ്റ് മെമ്മോറാവും നൽകണം. ഓഡിറ്റ് മെമ്മോറാത്തിൽ ഏതെങ്കിലും ഭാഗം ഭേദഗതി വരുത്തുന്നതിന്നോ മായ്ച്ച് കളയുന്നതിന്നോ ഡി.സി.എ ക്ക് അധികാരമുായിരിക്കും.

(6)സംഘം ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ കോപ്പി, വരവ്-ചെലവ് കണക്കുകൾ, ലാഭ നഷ്ട കണക്ക്, ബാക്കി പത്രം എന്നിവ സംഘം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേതും അംഗങ്ങളുടെ പരിശോധനക്ക് ലഭ്യമാക്കേതും പൊതുയോഗത്തിൽ വായിക്കേതുമാണ്.

(7) ഓഡിറ്റ് പൂർത്തീകരണത്തിനാവശ്യമായ പട്ടികകൾ, സ്റ്റേറ്റ്മെന്റുകൾ തുടങ്ങി എന്ത് തരം വിശദീകരണങ്ങളും സംഘത്തിനോട് ആവശ്യപ്പെടാൻ ഡി.സി.എ ക്ക് അധികാരമു്.

(8)ഡി.സി.എ ഐ.എ.എസ് ഓഫീസറോ ഇന്ത്യൻ ഓഡിറ്റ് & അക്കൗസ് സർവ്വീസിലെ ഡെപ്യൂട്ടി എ.ജി യുടെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനോ ആയിരിക്കും.

**67(10)(1)പണസംബന്ധമായ തർക്കങ്ങൾക്കുള്ള ഫീസ്:-** ചുരുങ്ങിയത് 200 രൂപയും പരമാവധി 2000 രൂപയും ഒരു ലക്ഷത്തിന് മുകളിൽ 5000 രൂപയും എന്ന് ഭേദഗതി ചെയ്തു.

(2)പണസംബന്ധമല്ലാത്ത തർക്കങ്ങൾ

| | | |
|---|---|---|
| ജീവനക്കാരുടെ തർക്കങ്ങൾ | - | 1000 രൂപ |
| തെരഞ്ഞെടുപ്പ് തർക്കങ്ങൾ | - | 5000 രൂപ |
| മറ്റ് തർക്കങ്ങൾ | - | 3000 രൂപ |

എന്നാൽ എസ്.സി/എസ്.ടി, സ്കൂൾ സഹകരണ സംഘങ്ങൾക്ക് ഫീസ് അടവാക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചിട്ടു്. 124 A(1)സർക്കാർ/രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കുന്ന വകുപ്പ് 83 പ്രകാരമുള്ള അപേക്ഷ/ അപ്പീൽ എന്നിവക്ക് സംഘം ജീവനക്കാരാണെങ്കിൽ 1000 രൂപയും കമ്മറ്റി അംഗമോ മറ്റ് വല്ലവരുമോ ആണെങ്കിൽ 5000 രൂപയും വകുപ്പ് 87 പ്രകാരമുള്ളതിന് യഥാക്രമം 500 ഉം 5000 വും അടവാക്കണം.

**ചട്ടം 144 എ കൂട്ടിച്ചേർക്കൽ:-** സർക്കിൾ സഹകരണ യൂണിയൻ ചെയർമാനെ അവിശ്വാസ പ്രമേയത്തിലൂടെ നീക്കം ചെയ്യാം.

ചട്ടം 148 (2) അഫിലിയേഷൻ ഫീസ് ഇരട്ടിയായി പുതുക്കി

**178 A ശാഖകൾ തുടങ്ങുന്നതിന് ഫീസ് ഏർപ്പെടുത്തി:-**

| | | |
|---|---|---|
| 1)K.S.C.B ,K.S.C.A.R.D.B , D.C.B | - | 10000 per branch |
| 2)P.A.C.S, S.C.B, F.S.C.B, P.C.A.R.D.B, Urbanbank | - | 5000 per branch |

അടവാക്കിയ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകില്ല.

**ചട്ടം 182 (1) പ്രൊവിസോ ഭേദഗതി :-**

**സംഘം തൊട്ട് ഉയർന്ന ക്ലാസിലേക്ക് റീക്ലാസിഫൈ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തി**

1)D.C.B /P.A.C.S/FSCB/Employees Co-Operativ Societies/Housing/Labour contract/P.C.A.R.D.B/Urban Banks/ Other credt socities - 2000

1)Other Co-Operative societies - 500

**അടവാക്കിയ ഫീസ് ഒരു കാരണവശാലും മടക്കി നൽകില്ല.**

**ചട്ടം 185 (8)(9) പ്രൊവിസോ ഭേദഗതി :-** ചട്ടം 185(2)(i)(ii)(iii)(iv)ലെ തസ്തികകളിലെ ജീവനക്കാർക്കും ചട്ടം 15(1) ലെ എ.ബി വിഭാഗത്തിലെ വായ്പാ സംഘത്തിലെ ജീവനക്കാർക്കും / ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ആയി പ്രൊമോഷൻ ലഭിക്കുന്നതിന് യാതൊരു സാഹചര്യത്തിലും വിദ്യാഭ്യാസയോഗ്യതയിലോ, പരിചയത്തിലോ ഇളവ് അനുവദിക്കില്ല. ഈ വിജ്ഞാപന തിയ്യതിക്ക് ശേഷം സർവ്വീസിൽ വരുന്ന ഒരാൾക്കും യോഗ്യതയിൽ ഇളവ് നൽകില്ല. ഇളവ് ഉത്തരവ് ലഭിച്ചതിന് ശേഷം മാത്രമേ ജീവനക്കാരുടെ പ്രൊമോഷൻ നടത്താവൂ.

(10) പ്രാഥമിക സഹകരണ സംഘം / ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവിടങ്ങളിലെ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നേരിട്ടുള്ള നിയമനം എന്നിവ 1 : 4 എന്ന അനുപാതത്തിൽ നടത്തണം. നിലവിലെ സബ്സ്റ്റാഫ് കാറ്റഗറി ജീവനക്കാർക്ക് 3 കൊല്ലം ഇളവ് ഉ്.

186(1)(V)(Vi) പ്രകാരം അറ്റന്റർ , പ്യൂൺ എന്നിവക്ക് 7 ാം തരം പാസാകണമെന്നും ഡിഗ്രി ഉാവരുതെന്നും, പാർട്ട് ടൈം സ്വീപ്പർക്ക് നല്ല ആരോഗ്യം ഉായിരിക്കണമെന്നും. എസ്.എസ്.എൽ.സി യോ തതുല്യ പരീക്ഷയോ പാസ്- ആകരുതെന്നും നിഷ്കർഷിച്ചു.

1 **A** യിൽ നോട്ട് -ഡിഗ്രി പാസ്സാകേത് 10+2+3 എന്ന രീതിയിൽ ആയിരിക്കണമെന്നും കേരളത്തിന് പുറത്തുള്ള യൂനിവേഴ്സിറ്റിയിൽ നിന്നാണെങ്കിൽ കേരളത്തിലെ യൂനിവേഴ്സിറ്റിയിൽ നിന്നുള്ള തുല്യതാ സാക്ഷ്യപത്രം വാങ്ങിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തു.

189(1) ഭദഗതി:- സഹകരണ സ്ഥാപനങ്ങളുടെ സിൽബന്തി ചെലവിന്റെ ഉയർന്ന പരിധിയും താഴ്ന്ന പരിധിയും നിർണ്ണയിക്കുവാനും മാറ്റം വരുത്തുവാനും സർക്കാറിന് അധികാരമുായിരിക്കും.

സർക്കാർ വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായ വിവിധതരം ശമ്പള സ്കെയിലുകൾ ഏറ്റവും കുറഞ്ഞതുൾപ്പെടെ നിശ്ചയിക്കുകയും സഹകരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അതത് കമ്മറ്റികൾക്ക്, പരിധിയിൽ നിന്നുകൊ് ബാധകമായ വിധത്തിലുള്ള ശമ്പള സ്കെയിലുകൾ സ്ഥാപനത്തിന് ബാധകമാക്കാവുന്നതുമാണ്. നഷ്ടത്തിലുള്ള സ്ഥാപനങ്ങൾ യാതൊരു കാരണവശാലും ഏറ്റവും കുറഞ്ഞ ശമ്പള നിരക്കിൽ അധികരിച്ച് ബാധകമാക്കാൻ- പാടില്ല.